## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2916.** **18.06.2018-ന് മറുപടിയ്ക്ക്**

**ഐ.എസ്.ആർ.ഒ. യ്ക്ക് വേണ്ടി ഏറ്റെടുക്കുന്ന ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.മാണി | | ശ്രീ. ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | നെടുമങ്ങാട് താലൂക്കിലെ കരിപ്പൂർ വില്ലേജിലുൾപ്പെടുന്ന 2739.04 ആർ ഭൂമി ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഐ.എസ്.ആർ.ഒ യ്ക്ക് വേണ്ടി ഏറ്റെടുക്കുന്നതിന് 01.06.2017 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി )നമ്പർ 2505/17/റവ. പ്രകാരം നൽകിയ ഭരണാനുമതി അനുസരിച്ച് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;വിശദമാക്കുമോ; | (എ) | നെടുമങ്ങാട് താലൂക്കിലെ കരിപ്പൂർ വില്ലേജിലുൾപ്പെടുന്ന 2739.04 ആർ ഭൂമി വലിയമലയിൽ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റം സെന്ററിനു (LPSC)വേണ്ടി ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 01.06.2017 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി)നമ്പർ 2505/17/റവ. പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സർവ്വെ പൂർത്തിയാക്കി ബി.വി.ആർ തയ്യാറാക്കി ഡി.എൽ.പി.സി യോഗം കൂടുന്നതിന് നടപടി സ്വീകരിച്ചുവരവെ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം നടപടി സ്വീകരിക്കുവാൻ അർത്ഥനാധികാരി ആവശ്യപ്പെട്ടതനുസരിച്ച് എസ്.ഐ.എ പഠനത്തിനായി എസ്.ഐ.എ യൂണിറ്റ് നിശ്ചയിക്കുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. എസ്.ഐ.എ ക്വട്ടേഷൻ ലഭ്യമാകുന്ന മുറയ്ക്ക് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് എസ്.ഐ.എ പഠനം നടത്തി ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് ഉടമസ്ഥരുമായി എന്തെങ്കിലും ചർച്ച നടത്തിയോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല |
| (സി) | ഭൂമിയുടെ വില റവന്യൂ വകുപ്പ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇല്ല |
| (ഡി) | കേന്ദ്ര നിയമമനുസരിച്ച് ഭൂമിയുടെ വില നിശ്ചയിക്കുന്നതിൽ ഈ സർക്കാർ പല മാനദണ്ഡങ്ങളും സ്വീകരിച്ചതു പോലെ ഐ.എസ്. ആർ.ഒയ്ക്ക് വേണ്ടി എടുക്കുന്ന ഭൂമിയിൽ പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ? | (ഡി) | ഈ പദ്ധതിക്കുവേണ്ടിയുള്ള ഭൂവില നിശ്ചയിക്കുന്നത് എൽ.എ.ആർ.ആർ ആക്ട്, 2013-ലെ ഷെഡ്യൂൾ 1 പ്രകാരമാണ്. ഈ പദ്ധതിക്കുവേണ്ടി പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ